പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 212 **28-10-2026-ൽ മറുപടിയ്ക്ക്**

കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. കുഞ്ഞികൃഷ്ണൻ
ശ്രീ. വിഷ്ണു മോഹൻ
ശ്രീ. ഉല്ലാസ് കോവൂർ

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ;

മറുപടി: ജൽ ജീവൻ മിഷൻ (JJM), സംസ്ഥാന പദ്ധതി, അമൃത്, കിഫ്ബി, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI), ഡെപ്പോസിറ്റ് പ്രവൃത്തികൾ തുടങ്ങിയ പദ്ധതികളിലൂടെ കേരള വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്ന വിധത്തിൽ ഭരണാനുമതി നൽകുകയും തുടർന്ന് സാങ്കേതികാനുമതിയും റോഡ് കട്ടിംഗ് അനുമതി ഉൾപ്പെടെ വിവിധ വകുപ്പുകളുടെ അനുമതിയും യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

അനുമതികൾ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന തടസ്സങ്ങൾ ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷൻ (DWSM), ജില്ലാ ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി (DICC) തുടങ്ങിയ മീറ്റിങ്ങുകളിലൂടെ പരിഹരിച്ച് വരുന്നു.

പദ്ധതികൾക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്ന സാഹചര്യങ്ങളിൽ എം.എൽ.എ തലത്തിലും ജില്ലാ കളക്ടർ തലത്തിലും ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് പ്രശ്നപരിഹാരം നടത്തി വരുന്നു.

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതും, അവയുടെ പുരോഗതി വിലയിരുത്തുന്നതും ലക്ഷ്യമിട്ട് ബന്ധപ്പെട്ട എം.എൽ.എ മാരുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളേയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ച് കൊണ്ട് യോഗങ്ങൾ സംഘടിപ്പിച്ച് വരുന്നു. കൂടാതെ, കൃത്യമായ ഇടവേളകളിൽ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തുകയും പ്രസ്തുത യോഗങ്ങളിൽ കൈക്കൊള്ളുന്ന തീരുമാനങ്ങളും നിർദ്ദേശങ്ങളും പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള കരാറുകാരെ അറിയിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു.

(ബി) കുടിവെള്ള പദ്ധതികൾ അനിശ്ചിതമായി നീട്ടികൊണ്ടുപോകുന്നതു മൂലം നിർമ്മാണ ചെലവ് വലിയ തോതിൽ വർദ്ധിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

മറുപടി: കുടിവെള്ള പദ്ധതികൾ അനിശ്ചിതമായി നീണ്ടുപോകുന്നതുമൂലം നിർമ്മാണച്ചെലവിൽ വർധനവുണ്ടാകുന്നത് തടയുന്നതിനായി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കരാർ വ്യവസ്ഥകൾ പ്രകാരം സമയദീർഘീകരണം അനുവദിക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് പ്രവൃത്തികൾ വൈകുന്നതിനുള്ള കാരണങ്ങൾ വിലയിരുത്തുന്നു. കരാറുകാരുടെ ഭാഗത്തുനിന്നുള്ള വീഴ്ചകൾ മൂലമാണ് കാലതാമസം ഉണ്ടായിട്ടുള്ളതെന്ന് ബോധ്യപ്പെടുന്ന പക്ഷം, കരാർ വ്യവസ്ഥകൾക്ക് വിധേയമായി പിഴ ചുമത്തുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നു.

പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്ന സാഹചര്യങ്ങളിലും കരാർ വ്യവസ്ഥകൾക്കനുസൃതമായി കരാറുകാരന് അനുവദനീയമായ തുക മാത്രമാണ് നൽകിവരുന്നത്. ഒരു പ്രവൃത്തിക്ക് ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാർ ഒപ്പുവെച്ചുകഴിഞ്ഞാൽ, കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കുകൾ (Quoted Rates) അകാരണമായി വർധിപ്പിച്ചു നൽകുന്നതിന് വ്യവസ്ഥയില്ല. വിവിധ തടസ്സങ്ങളോ പ്രവൃത്തിയുടെ പരിധിയിലോ രൂപകൽപ്പനയിലോ വരുന്ന മാറ്റങ്ങളോ കാരണം പുതുക്കിയ എസ്റ്റിമേറ്റ് (Revised Estimate) സമർപ്പിക്കേണ്ടിവന്നാലും, നിലവിലുള്ള ഇനങ്ങൾക്ക് കരാറുകാരൻ ക്വാട്ട് ചെയ്ത കരാർ നിരക്കുകൾ തന്നെയാണ് ബാധകമാകുന്നത്. വിലക്കയറ്റത്തിന്റെ പേരിൽ മാത്രം കരാർ നിരക്കുകൾ വർധിപ്പിച്ചുനൽകുന്നില്ല.

(സി) കുടിവെള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി റോഡുകൾ വെട്ടിപ്പൊളിക്കുന്നതും പണി പൂർത്തിയായ ശേഷം റോഡുകൾ യഥാസമയം ടാർ ചെയ്ത് പുനഃസ്ഥാപിക്കാത്തതും മൂലം ജനങ്ങൾ അനുഭവിക്കുന്ന ദുരിതം പരിഹരിക്കാൻ ജലവിഭവ വകുപ്പും പൊതുമരാമത്ത് വകുപ്പും (പി.ഡബ്ല്യു.ഡി) തമ്മിൽ സംയുക്തമായ ഏകോപന സംവിധാനം ഉണ്ടാക്കുമോ; വ്യക്തമാക്കുമോ?

മറുപടി: കുടിവെള്ള പദ്ധതികൾക്കായി റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമൂലവും റോഡ് പുനഃസ്ഥാപന പ്രവൃത്തികൾ വൈകുന്നതുമൂലവും പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കുന്നതിനായി ജലവിഭവ വകുപ്പ്, പൊതുമരാമത്ത് - തദ്ദേശ സ്വയംഭരണ വകുപ്പുകളുമായി ഏകോപനം നടത്തിവരുന്നു. ഇതിന്റെ ഭാഗമായി ജില്ലാ കളക്ടറുടെ അധ്യക്ഷതയിലും ജനപ്രതിനിധികളുടെ മേൽനോട്ടത്തിലും പ്രസ്തുത വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഏകോപന യോഗങ്ങൾ സംഘടിപ്പിച്ചും ജില്ലാ ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി (DICC), ജില്ലാ വികസന സമിതി (DDC) തുടങ്ങിയവ മുഖേനയും ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. നിയോജകമണ്ഡല തലത്തിൽ അതാത് എം.എൽ.എമാരുടെ അധ്യക്ഷതയിൽ അവലോകന യോഗങ്ങൾ ചേർന്ന് ഇത്തരം വിഷയങ്ങൾ പരിശോധിച്ച് പരിഹാരം കണ്ടെത്തി വരുന്നു.

സെക്ഷൻ ഓഫീസർ